എലിപ്പൂച്ച

അയ്മനം ജോൺ



എലിപ്പൂച്ച

അയ്മനം ജോൺ

(മലയാളം: ചെറുകഥ)

© 2021, Aymanam John

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp

H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Egypcian Landscape, a painting by Carlos de Haes (1829–1898). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

വായിച്ചുകഴിഞ്ഞു് പറഞ്ഞാൽ നിങ്ങൾ വിശ്വസിച്ചുവെന്നു വരില്ല. അതിനാൽ വായന തുടങ്ങും മുൻപുതന്നെ പറയട്ടെ—ഇതൊരു കഥയല്ല. കുട്ടിക്കാലത്തു് വീട്ടിൽ നടന്ന ഒരു സംഭവമാണു്. കുട്ടിക്കാലത്തെ ആ വീടു്—വലിയപ്പച്ചന്റെ കാലത്തു് പണിതു്, അപ്പന്റെ കാലത്തു് കുറച്ചൊന്നു പുതുക്കിപ്പണിത വീ

ട്ട്—ഇന്നില്ല. എന്നു മാത്രമല്ല, ഇരുളടഞ്ഞ കൊച്ചുമുറികളും അതിനിടയിലൊരറപ്പുരയുമായി, മുൻപാതി ഓടിട്ട്, പിൻപാതി ഓല മേഞ്ഞു്, ആറ്റുതീരത്തേക്ക് തിരിഞ്ഞിരുന്ന ആ വീടിനോട് സാദൃശ്യം തോന്നുന്ന വീടുകൾപോലും ഇന്നില്ല. അപ്പൻ, അമ്മ, ചാക്കോച്ചിയപ്പാപ്പൻ, അമ്മുവല്യമ്മ, ഇട്ടിക്കോരസാർ എന്നീ കഥാപാത്രങ്ങളുടെയും ഭൂവാസം കഴിഞ്ഞുപോയി. അതുകൊണ്ടൊക്കെയാവാം ഇന്ന് ഇതെഴുതുമ്പോൾ എല്ലാം ഒരു കഥപോലെ തോന്നുന്നതും.

വീട്ടിൽ എലിശല്യം ഏറെയായിരുന്ന ഒരു കൊയ്ത്തുകാലത്താണ് ഇതെല്ലാം നടന്നതു്. വിളകൾ പതിവിലധികമായിരുന്നതിനാലാണെന്നു തോന്നുന്നു അക്കൊല്ലം അതുപോലെ എലികൾ പെരുകിയിരുന്നതു്. മണ്ണെലി, ചുണ്ടെലി, പുരയെലി, പന്നിയെലി എന്നിങ്ങനെ എല്ലായിനം എലികളും ഏറെയായി കാണപ്പെട്ടു. വീട്ടിലും അയൽവീടുകളിലുമായി മീൻ തിന്നും പാലു കുടിച്ചും വളർന്നിരുന്ന പൂച്ചകളുടെ വൻ സൈന്യനിരതന്നെയുണ്ടായിരുന്നിട്ടും എലികളുടെ പടയോട്ടങ്ങളെ തുരത്താൻ അവയെക്കൊണ്ട്

കഴിഞ്ഞതേയില്ല. പറമ്പിലെ കപ്പയെല്ലാം മാന്തിത്തിന്നും അറപ്പുരയിൽ അരിയും പയറും കിഴങ്ങുകളുമൊക്കെ സൂക്ഷിച്ചിരുന്ന ചാക്കുകെട്ടുകൾ കരണ്ടുതിന്നും തട്ടിൻപുറം നിറയെ കാട്ടമിട്ടുമൊക്കെ എലികൾ പല വിധേന ഞങ്ങളെ ദുഃഖിപ്പിച്ചുപോന്നു. എലിയോട്ടങ്ങളുടെയും പൂച്ചച്ചാട്ടങ്ങളുടെയും ഒച്ചയും ബഹളവും മൂലം പല രാത്രികളിലും ഉറക്കവും അലങ്കോലപ്പെട്ടിരുന്നു.

ആയിടെ ഒരു ദിവസം ചന്തയ്ക്കുപോയി വന്നപ്പോൾ ചാക്കോച്ചിയപ്പാപ്പൻ ഒരു എലിപ്പെട്ടിയും വാങ്ങിവന്നു. ചാക്കോച്ചിയപ്പാപ്പൻ അങ്ങനെ ഒരാളായിരുന്നു.

വീട്ടിൽ അതാത് സമയത്ത് ആവശ്യമായി വരുന്ന സാധനങ്ങൾ ഏതേതെന്നു കണ്ടറിഞ്ഞു് ഒരു മുന്നറിയിപ്പും തരാതെ ആഴ്ച്ചച്ചന്തയ്ക്ക് പോയിവരുമ്പോൾ അതെല്ലാം വാങ്ങിക്കൊണ്ടുവരും. വീടു നോക്കി നടത്താൻ അപ്പനെക്കാൾ സമർത്ഥനായിരുന്ന ചാക്കോച്ചിയപ്പാപ്പൻ പെണ്ണുകെട്ടാതെ നടക്കേണ്ട ഒരാവശ്യവുമില്ലായിരുന്നുവെന്നു പറഞ്ഞു് അമ്മ പലപ്പോഴും അപ്പാപ്പനെ ശകാരിച്ചിരുന്നു.



ചാക്കോച്ചിയപ്പാപ്പൻ കൊണ്ടുവന്ന എലിയെ പി

ടിക്കുന്ന യന്ത്രം ഞങ്ങൾ—ഞാനും എട്ടത്തിയും—ആദ്യം കാണുകയായിരുന്നു. തെക്കേത്തിണ്ണയുടെ അരഭിത്തിമേൽ ഇരുന്ന് പറഞ്ഞും കാണിച്ചും അപ്പാപ്പൻ അതിന്റെ പ്രവർത്തനം മനസ്സിലാക്കിത്തരുന്നത് ഇന്നലെയായിരുന്നോ എന്നു തോന്നും വിധം ഞാൻ നന്നായി ഓർമ്മിക്കുന്നു.

എല്ലാം കണ്ടും കേട്ടും ബോധ്യപ്പെട്ടുകഴിഞ്ഞപ്പോൾ ഏട്ടത്തിക്കറിയണം എലിപ്പെട്ടി കണ്ടുപിടിച്ചത് ആരാണെന്ന്.

“ഓ, കൊള്ളാം, റേഡിയോയും ആവിയന്ത്രോമൊക്കെ കണ്ടുപിടിച്ച മനുഷ്യന് ഒരെലിപ്പെട്ടി ഒണ്ടാക്കാനാണോടീ കൊച്ചേ ഇത്ര പാട്?” എന്നായി അപ്പാപ്പൻ.

രാത്രി ഉറങ്ങാൻ പോകുംവരെ ഞങ്ങൾ ആ കൗതുകവസ്തുവിനെ ചുറ്റിപ്പറ്റി നടന്നു. അപ്പനും അപ്പാപ്പനുമൊക്കെ അങ്ങോട്ടോ ഇങ്ങോട്ടോ മാറിയ തക്കത്തിന് എലിപ്പെട്ടി പ്രവർത്തിപ്പിച്ചു നോക്കുകയും ചെയ്തു. “നല്ല രസം, നല്ല രസം” എലിപ്പെട്ടിയുടെ വാതിൽ ഓരോ തവണ അലച്ചുവീണപ്പോഴും ഞങ്ങൾ ആഹ്ലാദിച്ചു.

അത്താഴം കഴിഞ്ഞ് പതിവുള്ള ബീഡിവലിയും പാടത്തിറമ്പത്തേക്കുള്ള കാറ്റുകൊള്ളാൻപോക്കും കഴിഞ്ഞുവന്ന് ചാക്കോച്ചിയപ്പാപ്പൻ എലിക്കെണി ഒരുക്കി. വലിയൊരു തേങ്ങാപ്പൂളായിരുന്നു കെണിയിൽ കൊരുത്തത്. പത്തായത്തിനു മുകളിൽ, എലിയൊച്ചകൾ അധികം കേട്ടിരുന്ന കോണിൽ, അപ്പാപ്പൻ പെട്ടിവെച്ചു. വിളക്കണച്ചതും ഇരുട്ടിൽ അദൃശ്യമായിക്കഴിഞ്ഞ പെട്ടിക്കുള്ളിൽ ഒരു ചതിയന്റെ ചിരിപോലെ വെളുത്തു കണ്ട ആ തേങ്ങാപ്പൂള് നോക്കി നോക്കി കുറേ നേരംകൂടി രസിച്ചുനിന്നിട്ടാണ് ഞങ്ങൾ ഉറങ്ങാൻ പോയത്. കെണി വീഴുന്ന ഒച്ചയ്ക്കായി കാത്ത് ഏറെനേരം ഉറങ്ങാതെ കിടന്നു നോക്കിയെങ്കിലും എലിക്കെണിക്കു മുൻപ് തലയ്ക്കുള്ളിലെ ഉറക്കത്തിന്റെ കെണി ഒച്ചയില്ലാതെ വീണു.

വെളുപ്പിന് അമ്മയോടൊപ്പം നേരത്തേ ഉണർന്ന് ശീലിച്ചിരുന്ന ഏട്ടത്തി എണീറ്റയുടൻ എലിപ്പെട്ടിക്കടുത്തേക്ക് ഓടിക്കാണണം. “അപ്പാപ്പോ... അപ്പാപ്പോ... എലിപ്പെട്ടീൽ പൂച്ച വീണേ...” എന്ന് വലിയ വായിലേ വിളിച്ചുപറഞ്ഞുകൊണ്ട് തിരിച്ചോടിയ

ഏട്ടത്തിയാണ് ഞങ്ങളെയെല്ലാം ഉണർത്തിയത്.

“അതിരാവിലേകെടന്ന് തൊള്ള തൊറക്കാതെടീ പെണ്ണേ” എന്ന് ഏട്ടത്തിയെ ശാസിച്ചുകൊണ്ട് തളത്തിൽനിന്ന് അപ്പനും “പോടീ പെണ്ണേ, കളിപറയാതെടി” എന്നു പറഞ്ഞുകൊണ്ട് ചാവടിയിൽനിന്ന് ചാക്കോച്ചിയപ്പാപ്പനും എലിപ്പെട്ടിക്കടുത്തേക്കു നടന്നു. പെട്ടിക്കുള്ളിലേക്ക് കുറേനേരം സൂക്ഷിച്ചുനോക്കിയിട്ട് “പെണ്ണു പറഞ്ഞത് കളിയല്ലെന്ന് തോന്നുന്നല്ലോടാ ചാക്കോച്ചീ...” എന്നായി അപ്പൻ. അതു കേട്ടതും ചാക്കോച്ചിയപ്പാപ്പൻ കുറേക്കൂടി അടുത്തേക്കു ചെന്ന് എലിപ്പെട്ടിക്കകത്തേക്ക് ചാഞ്ഞും ചെരിഞ്ഞുമൊക്കെ നിന്ന് സസൂക്ഷ്മം നോക്കിയപ്പോഴാണ് മഹാതിശയം വെളിപ്പെട്ടത്: “അയ്യോ! കൊച്ചായാ, എന്താ ഈ കാണുന്നത്! പൂച്ചേമല്ല എലീമല്ലാത്ത ഒരു ജന്തുവാണല്ലോ ഇത്. അതിശയം! മഹാതിശയം!”

ബഹളം കേട്ട് “ങേ... ങേ” എന്നു ചോദിച്ച് അടുക്കളയിൽനിന്ന് അമ്മയും ഓടിയെത്തി. അതിനിടെ രണ്ടാം പരിശോധനയിൽ അപ്പനും അതിശയം ബോധ്യപ്പെട്ടിരുന്നു.

“ശരിയാണല്ലോ... ഇതെന്നാ ജന്തുവാ? കൊച്ചേലീ നീയൊന്ന് നോക്കിക്കേ.”

തുടർന്ന്, അമ്മ സ്ത്രീപക്ഷത്തുനിന്നുള്ള പരിശോധന നടത്തി: “ദൈവംതമ്പുരാനേ, എന്തോന്ന് ജന്തുവാ ഇത്? തല പൂച്ചേടേം ഒടല് എലീടേം...”

പൊടുന്നനേ “ഞാമ്പറഞ്ഞില്ലേ, ഞാമ്പറഞ്ഞില്ലേ...” എന്ന് വീരവാദം മുഴക്കി ഏട്ടത്തിയും ഉത്കണ്ഠാകുലനായിത്തീർന്ന ഞാനും ചേർന്ന് ആ വിചിത്രജീവിയെ കണ്ടു. തനി പൂച്ചയുടെ മുഖവും എലിയുടെ ഉടലും വാലുമുള്ള ആ ജീവി ആകെ പകച്ച് എലിപ്പെട്ടിയുടെ കോണ് ചേർന്ന് അനങ്ങാതെ ഇരിക്കുകയാണ്. പ്രാണഭയം മുഴുവൻ പുറത്തറിയിച്ച് അത് വല്ലാതെ കിതയ്ക്കുന്നുമുണ്ടായിരുന്നു. ഓടിയോടിത്തളർന്നതുപോലെ.

“വെട്ടത്തോട്ട് കൊണ്ടുപോയി നോക്കാം...” എന്നു പറഞ്ഞ് ചാക്കോച്ചിയപ്പാപ്പൻ എലിപ്പെട്ടി കൈയിലെടുത്ത് പുറത്തേക്കു നടന്നു പോകുംവഴി ആ ജീവി വല്ലാതെ ഭയന്നിട്ടെന്നപോലെ ഒരു വിചിത്ര ശബ്ദത്തിൽ കരഞ്ഞു—പൂച്ചയുടെയോ എലിയുടെയോ അല്ലാത്ത ഒരു കരച്ചിലായിരുന്നു അത്.

ചാവടിത്തിണ്ണയുടെ കോണിൽ ചാക്കോച്ചിയപ്പാപ്പൻ എലിപ്പെട്ടി താഴ്ത്തിവെച്ചു.

ഞങ്ങൾ വീണ്ടും പെട്ടിയെ വളഞ്ഞു.

എല്ലാ സംശയങ്ങളും തീർത്ത് ആ വിചിത്രജീവി അതിന്റെ നഗ്നത കാട്ടി ഞങ്ങളെ ദയനീയമായി നോക്കി. ഒരു കാടൻപൂച്ചയുടെ തല. പൊണ്ണൻ എലിയുടെ ഉടൽ. മൂക്കിൻതുമ്പത്ത് ഉണങ്ങിപ്പിടിച്ച കുറെ ചോരപ്പാടുകളും (എലിപ്പെട്ടിയുടെ കമ്പിയഴികൾ കടിച്ചുമുറിക്കാനുള്ള വിഫലശ്രമങ്ങൾക്കിടയിലേറ്റ മുറിവുകളാണ് അത് എന്ന് വിശദീകരിച്ചുകൊടുത്ത് ചാക്കോച്ചിയപ്പാപ്പൻ ഏട്ടത്തിയെ നിശ്ശബ്ദയാക്കി).

അത്യത്ഭുതം ഉൾക്കൊള്ളാനുള്ള സമയമെടുത്തിട്ട്, "വല്യ ഒരതിശയംതന്നെയാണല്ലോടാ ചാക്കോച്ചീ... കേട്ടുകേൾവിപോലുമില്ലാത്ത..." എന്ന് അപ്പനും "മാതാവേ... ഇതേതാണ്ടിന്റെ അടയാളമാണല്ലോ... അവസാന കാലമടുത്തോ കർത്താവേ..." എന്ന് അമ്മയും പറഞ്ഞതോർക്കുന്നു.

അപ്പോഴായിരുന്നു പാൽ നിറച്ച ഓട്ടുമൊന്തയും പി

ടിച്ച് അമ്മുവല്യമ്മയുടെ പതിവുവരവ്. വല്യമ്മയെ പടിക്കൽ കണ്ടപ്പോൾത്തന്നെ "വല്യമ്മേ വാ... കാണണേ വാ... അതിശയം കാണണേ ഓടിവാ..." എന്നൊക്കെപ്പറഞ്ഞ് ഏട്ടത്തി ഓടിച്ചെന്നിരുന്നു.

"എന്നാ കുഞ്ഞേ, എന്നാ പറ്റി...?" വല്യമ്മ ഞങ്ങളുടെ അടുത്തേക്ക് ധടുതിയിൽ നടന്നു.

"ആ എലിപ്പെട്ടീലോട്ടൊന്ന് നോക്കിക്കേ..."

ചാക്കോച്ചിയപ്പാപ്പൻ ഒരൊതുക്കിച്ചിരിയോടെ പറഞ്ഞു. കണ്ണുകൾ ചുളുക്കിക്കൂർപ്പിച്ച് അമ്മുവല്യമ്മ എലിപ്പെട്ടിക്കകത്തേക്ക് നോക്കി.

"ഹെന്റെ ഈശ്വരാ... ഇതെന്നതാ!" വല്യമ്മയും സ്തബ്ധയായി.

"അതാണ് എട്ടാമത്തെ ലോകമഹാത്ഭുതം—എലിപ്പൂച്ച." ചാക്കോച്ചിയപ്പാപ്പൻ പറഞ്ഞു.

ഞങ്ങളെല്ലാവരും ചിരിച്ചുപോയി. "നല്ല പേര്. എലി അധികം പൂച്ച സമം എലിപ്പൂച്ച."—ഏട്ടത്തി എന്നോട് സ്വകാര്യവും പറഞ്ഞു.

അമ്മുവല്യമ്മയ്ക്ക് മാത്രം ചിരിക്കാൻ കഴിഞ്ഞില്ല.

“എവിടന്ന് കിട്ടി ഇതിനെ?” വല്യമ്മ അതിശയത്തോടെ ചോദിച്ചു

“ഇന്നലെ രാത്രി എലിയെപ്പിടിക്കാൻ പെട്ടി പൂട്ടി വെച്ചതാ അമ്മുവമ്മെ. വീണുകിട്ടിയത് ഇതിനെയാ...” ചാക്കോച്ചിയപ്പാപ്പൻ പറഞ്ഞു.

വായ് പിളർന്ന മട്ടിൽ കുറേനേരം നിന്നിട്ട് അമ്മു വല്യമ്മ ആകാശത്തേക്ക് കണ്ണുകൾ ഒന്നുയർത്തിത്താഴ്ത്തിയിട്ട് പറഞ്ഞു:

“ഭഗവാനേ... മായ... മായ...”





എന്നിട്ട് പതുക്കെ ചാക്കോച്ചിയപ്പാപ്പന്റെ അടുത്തേക്കു മാറിനിന്ന് വലിയൊരു ദുരന്തത്തെപ്പറ്റി ചോദിച്ചറിയുംപോലെ ചന്തയ്ക്കു പോയി എലിപ്പെട്ടി വാങ്ങിക്കൊണ്ടുവന്നതുമുതലുള്ള സംഭവങ്ങൾ വിശദമായി ചോദിച്ചറിഞ്ഞു. എല്ലാം കഴിഞ്ഞ്, “അയ്യോ... പറഞ്ഞോണ്ട്നിന്ന് നേരം പോയല്ലോ ചാക്കോച്ചിമാപ്പളെ... പാലെല്ലാം കൊടുക്കാങ്കെടക്കുവാ...” എന്നു

പറഞ്ഞ് മൊന്തയുമെടുത്ത് മടങ്ങിപ്പോയി.

അമ്മുവല്യമ്മ ഒരു സംഗതിയറിഞ്ഞാൽ ഏറ്റവും പ്രചാരമുള്ള പത്രത്തിലൂടെ അറിയുന്നതിലും വേഗത്തിൽ അത് നാടെല്ലാം പരസ്യമാകുമായിരുന്നു. പൂച്ച തട്ടിക്കമഴ്ത്തിയ പാൽപാത്രത്തിൽനിന്ന് പാൽ ഒഴുകിപ്പരക്കുംപോലെ എന്ന് ചാക്കോച്ചിയപ്പാപ്പന്റെ വക മറ്റൊരുപമയും ഉണ്ടായിരുന്നു.

വല്യമ്മ പോയി ഏറെക്കഴിയും മുൻപേ അയൽക്കാർ ഓരോരുത്തരായി എലിപ്പൂച്ചയെ കാണാൻ എത്തിത്തുടങ്ങി. വീട്ടുമുറ്റത്ത് ഒരാൾക്കൂട്ടംതന്നെ രൂപപ്പെടാൻ ഏറെനേരം വേണ്ടിവന്നില്ല.

“ഇനീം ആളോടിക്കൂടും മുൻപേ എടുത്തോണ്ടുപോയികൊന്ന് കുഴിച്ചുമൂടിയേര് ചാക്കോച്ചീ അശ്രീകരത്തിനെ” എന്നു പറഞ്ഞ് അമ്മ തിരക്കിട്ട് അടുക്കളയിലേക്കു നടന്നു.

ചാക്കോച്ചിയപ്പാപ്പനാകട്ടെ, അത് കേട്ടതുപോലുമില്ല. എലിപ്പൂച്ചയെ കാണാനെത്തിയ ഓരോരുത്തരുടെയും പ്രതികരണങ്ങൾ ശ്രദ്ധിച്ചു നിൽക്കുകയായിരുന്നു അപ്പാപ്പൻ. ആൾവരവ് പിന്നെയും കൂടി

ക്കൂടി വന്നപ്പോൾ അത്ഭുതദൃശ്യം കുറേക്കൂടി ആകർഷകമാക്കുവാൻ അപ്പാപ്പനും കൂട്ടുകാരും ചേർന്ന് അയൽപക്കത്തെ തെക്കേക്കരക്കാരുടെ വീട്ടിൽ നിന്ന് ഒഴിഞ്ഞുകിടന്ന ഒരണ്ണാൻകൂട്ട് എടുത്തു കൊണ്ടു വന്നു. പെട്ടിക്കുള്ളിൽ അനങ്ങാൻപോലും ഭയന്ന് പതുങ്ങിയിരുന്ന എലിപ്പൂച്ചയെ കമ്പിട്ടുകുത്തിയും പെട്ടിയോടെ കുടഞ്ഞുമൊക്കെ ഏറെ പണിപ്പെട്ടാണ് അണ്ണാൻകൂടിനകത്താക്കി കൂടടച്ചത്.

എലിപ്പൂച്ചയുടെ സത്യത്തെപ്പറ്റി ആൾക്കൂട്ടം പലതും പറയാൻ തുടങ്ങി. മനുഷ്യർക്ക് ഇതുവരെ കാണാനായിട്ടില്ലാത്ത ഒട്ടേറെ ഇനം വിചിത്രജീവികൾ ഭൂമിയിലുണ്ടെന്നും തൊണ്ണൂറ്റൊൻപതിലെ വെള്ളപ്പൊക്കത്തിൽ ഹൈറേഞ്ചിലെ കാടുകളിൽനിന്ന് പിഴുതെറിയപ്പെട്ട് ഒഴുകിയെത്തിയ വൻമരങ്ങൾ കൂടെക്കൊണ്ടു പോന്ന ജന്തുക്കളുടെ കൂട്ടത്തിൽ ഇത്തരം പലയിനങ്ങളെ കണ്ടതായി കേട്ടിട്ടുണ്ടെന്നുമൊക്കെയുള്ള വാദഗതികളായിരുന്നു ഏറെയും.

അങ്ങനെയിരിക്കെ, ഇട്ടിക്കോരസാറും എത്തി. ആറ്റിറമ്പ് പ്രൈമറി സ്കൂളിലെ സയൻസ് മാസ്റ്ററും പല തവണ പഞ്ചായത്ത് മെമ്പറുമായിരുന്ന ഇട്ടി

ക്കോരസാറായിരുന്നു ഇത്തരം അത്ഭുതപ്രതിഭാസങ്ങൾ ഞങ്ങൾ നാട്ടുകാർക്ക് വിശദീകരിച്ചുതന്നിരുന്നത്. വാൽനക്ഷത്രം, ജറ്റുവിമാനം തുടങ്ങിയ ആകാശക്കാഴ്ചകളും ഗ്രാമഫോൺ, കമ്പിയില്ലാക്കമ്പി തുടങ്ങിയ ഭൂമിയിലെ അതിശയങ്ങളും വിശദീകരിച്ചു പറഞ്ഞുമനസ്സിലാക്കാൻ സാറ് സമർത്ഥനായിരുന്നു. അതു കൊണ്ടാണ് ഇട്ടിക്കോരസാറിന്റെ വരവു കണ്ടതും അന്ത്യകൂദാശകൾക്കെത്തിയ പുരോഹിതനെ സ്വീകരിക്കുംപോലെ ആൾക്കൂട്ടം വകഞ്ഞുമാറി വഴി കൊടുത്ത് നിശബ്ദരായി നിന്നത്. ചാക്കോച്ചിയപ്പാപ്പൻ ഓടിപ്പോയി എടുത്തുകൊണ്ടുവന്നിട്ട സ്റ്റൂളിലിരുന്ന് എലിപ്പൂച്ചയെ ഏറെനേരം നിരീക്ഷിച്ച ശേഷമാണ് ഇട്ടിക്കോരസാർ എഴുന്നേറ്റത്. പിന്നെയും കുറേനേരം എന്തൊക്കെയോ ഓർത്തോർത്ത് നിന്നിട്ട് ഇട്ടിക്കോരസാർ ആൾക്കൂട്ടത്തോട് ഏതാണ്ട് ഇപ്രകാരം പറഞ്ഞു:



“പണ്ട് ഇംഗ്ലണ്ടിൽ ചാൾസ് ഡാർവിൻ എന്നു പേരുള്ള മഹാബുദ്ധിമാനായിരുന്ന ഒരു സായിപ്പ് ജീവിച്ചിരുന്നു. ആ സായിപ്പിന്റേതായി പരിണാമസി

ദ്ധാന്തം എന്ന പേരിൽ ഒരു സിദ്ധാന്തമുണ്ട്. ആ സിദ്ധാന്തപ്രകാരം നമ്മൾ മനുഷ്യരടക്കം ഇന്ന് ഭൂമിയിൽ കാണുന്ന ജീവജാലങ്ങളൊന്നും ഭൂമിയുടെ ഉത്ഭവം മുതൽ ഇതേരൂപത്തിൽ ഉടലെടുത്തതൊന്നുമല്ല. കടൽജീവികളിൽനിന്നും പക്ഷികളിൽനിന്നും കുരങ്ങന്മാരിൽനിന്നുമൊക്കെ പരിണമിച്ചവരാണ് നമ്മളൊക്കെ. അങ്ങനെ, പരിണാമങ്ങൾ പലതു് നടന്നതിനിടയ്ക്ക് ഭൂമിയിൽനിന്ന് വംശനാശം വന്ന് അപ്രത്യക്ഷമായ ജീവികളും പലതുണ്ട്. അതിൽപ്പെട്ട ഒന്നായിരിക്കാം നമ്മൾ കാണുന്ന ഈ ജന്തു. എലിക്കും പൂച്ചയ്ക്കുമൊക്കെ മുൻപ് ഒരു പക്ഷേ, രണ്ടും ചേർന്ന ഈ ജീവിയായിരുന്നിരിക്കാം ഭൂമിയിൽ ഉണ്ടായിരുന്നത്. പിൽക്കാലത്ത് ആ ഒരു ജീവി പരിണമിച്ച് ഇരുജീവികളായതായിരിക്കാം എലിയും പൂച്ചയും."

ഇട്ടിക്കോരസാർ അത്രയും പറഞ്ഞപ്പോൾത്തന്നെ ആൾക്കൂട്ടത്തിൽനിന്ന് പല അനുബന്ധാഭിപ്രായങ്ങളും ഉയരാൻ തുടങ്ങിയിരുന്നു. ആദാമിന്റെ വാരിയെല്ലൂരിയെടുത്ത് ഹവ്വായെ സൃഷ്ടിച്ചതുപോലെ എലിപ്പൂച്ചയുടെ തല വെട്ടിയെടുത്തായിരിക്കാം ദൈ

വം പൂച്ചയെ സൃഷ്ടിച്ചത്. എലിയുടെ തല തേമ്പിയിരിക്കുന്നത് അതുകൊണ്ടായിരിക്കും... എന്നിങ്ങനെ ഓരോന്ന്.

പക്ഷേ, ഇട്ടിക്കോരസാർ അതിനൊന്നും ചെവി കൊടുക്കാതെ തുടരുകയാണുണ്ടായത്. ഡാർവിൻ പറയുംപ്രകാരം പറഞ്ഞാൽ ഇരയെ പിടിക്കാനും മറ്റൊന്നിന് ഇരയാകാതിരിക്കാനും ഒരുപോലെ അനുയോജ്യമായ രൂപമാറ്റങ്ങൾ സ്വീകരിച്ചാണ് ജീവജാലങ്ങൾ പരിണാമം പ്രാപിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ പൂച്ചകളിൽനിന്ന് രക്ഷ പ്രാപിക്കാനുതകുന്ന രൂപമാറ്റങ്ങളായിരിക്കും എലിവംശത്തിന് ഉണ്ടായിക്കൊണ്ടിരുന്ന പരിണാമം. അതുകൊണ്ട് നാളെ പിറക്കാനിരിക്കുന്ന എലിയുടെ രൂപമാണ് നമ്മൾ ഈ കാണുന്നത് എന്നും വരാം.

എലിപ്പൂച്ച ഒന്നുകിൽ വംശനാശം സംഭവിച്ച ജീവിവർഗ്ഗത്തിൽപ്പെട്ട ഒന്ന്. അല്ലെങ്കിൽ ഭൂമിയിൽ പിറക്കാനിരിക്കുന്ന ഒരു പുത്തൻ ജീവിവർഗ്ഗത്തിന്റെ മോഡൽ—ഇതായിരുന്നു ഇട്ടിക്കോരസാർ പറഞ്ഞതിന്റെ രത്നച്ചുരുക്കം. രണ്ടായാലും കൂട്ടിൽ കിടക്കുന്നത് അത്യപൂർവ്വവും വിലപ്പെട്ടതുമായ ഒരു

കണ്ടെത്തലാണെന്ന് സാർ തറപ്പിച്ച പറഞ്ഞു. എലിപ്പൂച്ചയെ ശ്രദ്ധാപൂർവം സംരക്ഷിച്ച കൊള്ളണമെന്നും താൻ എത്രയും വേഗം തലസ്ഥാനത്തെ മൃഗശാലയിൽ വിവരമറിയിച്ച് എലിപ്പൂച്ചയെ അവിടേക്ക് മാറ്റാനുള്ള ഏർപ്പാടുകൾ ചെയ്തുവരാമെന്നും പറഞ്ഞാണ് ഇട്ടിക്കോരസാർ തിരക്കിട്ട് മടങ്ങിപ്പോയത്. നടക്കുംവഴി തിരിഞ്ഞു നിന്ന് പത്രമോഫീസുകളിലും വിവരമറിയിച്ചേക്കാം എന്നും പറയുകയുണ്ടായി അദ്ദേഹം.

ഇട്ടിക്കോരസാർ പോയതു മുതൽ സാറിന്റെ നിർദേശപ്രകാരം എലിപ്പൂച്ചയ്ക്ക് ആഹാരം കൊടുക്കാനുള്ള ശ്രമങ്ങളാരംഭിച്ചു. പാൽ, മീൻ, കപ്പപ്പുള് എന്നിങ്ങനെ എലിയോ പൂച്ചയോ തിന്നാറുള്ള ഓരോരോ സാധനങ്ങൾ കൊടുത്തു നോക്കിയിട്ടും എലിപ്പൂച്ച ഏതെങ്കിലുമൊന്ന് മണത്തുനോക്കാൻപോലും തയാറായില്ല. കൂടിന് പുറത്തെ ലോകത്തേക്ക് ഭയപ്പാടോടെ നോക്കിക്കൊണ്ട് അത് ഒരേയിരുപ്പ് തുടർന്നു. ഇടയ്ക്കിടെ ആ വിചിത്രശബ്ദത്തിൽ കരഞ്ഞു. കരച്ചിലിനെക്കാൾ ഞരക്കം എന്നു തോന്നുന്ന ഒരു ശബ്ദമായിരുന്നു അത്. ആരെയും സങ്കടപ്പെടുത്തുന്ന

ഒരു ദൈന്യത അതിന്റെ ദൃഷ്ടികളിലുണ്ടായിരുന്നു. അതിനാൽ എലിപ്പൂച്ചയെ വിട്ടുപോകാൻ ഞങ്ങൾക്ക് മനസ്സ് വന്നതേയില്ല.

എന്നാൽ, എലിപ്പൂച്ചയുടെ പേരിൽ അവധി എടുക്കാൻ അനുവദിക്കണമെന്ന ഞങ്ങളുടെ അപേക്ഷ അപ്പൻ കേട്ടപാടെ തള്ളിക്കളഞ്ഞു. “പൊയ്ക്കോ അവിടന്ന്. പരീക്ഷയടുത്ത സമയത്ത് എലിയേം പൂച്ചേം കണ്ടോണ്ടിരുന്നാൽ മതിയല്ലോ. വേഗന്നൊരുങ്ങി പള്ളിക്കൂടത്തിപ്പോകാൻ നോക്ക്.”

അമ്മയുടെയോ ചാക്കോച്ചിയപ്പാപ്പന്റെയോ ശിപാർശകൊണ്ടുപോലും ഫലമില്ലെന്നു തോന്നുന്നത്ര ശക്തിയിലായിരുന്നു ആ ശകാരം. അതിനാൽ മറ്റൊരു പോംവഴി കാണാതെ ഞങ്ങൾ സ്കൂളിൽ പോകാൻ ഒരുങ്ങി. മൃഗശാലക്കാർ എത്താൻ എങ്ങനെ പോയാലും സന്ധ്യയോളമാവുമെന്നും എലിപ്പൂച്ചയുടെ യാത്രയയപ്പിൽ ഞങ്ങൾക്കും പങ്കെടുക്കാൻ കഴിയുമെന്നും പറഞ്ഞ് ചാക്കോച്ചിയപ്പാപ്പൻ ഞങ്ങളെ ആശ്വസിപ്പിച്ചു.

ഒന്നും തിന്നാതെയും കുടിക്കാതെയും ശൂന്യമായ ദൃഷ്ടികളോടെ കിടക്കുന്ന എലിപ്പൂച്ചയെ കണ്ടിട്ടുപോ

യതിനാലാവാം വലിയപ്പച്ചൻ മരിക്കാറായിക്കിടന്നിരുന്ന നാളുകളിലെ ആശങ്കകളോടെയായിരുന്നു ക്ലാസ്സിൽ ആ ദിവസം ഞങ്ങൾ കഴിച്ചു കൂട്ടിയത്. ഒപ്പംതന്നെ എലിപ്പൂച്ചയെ വർണ്ണിച്ചു കേൾപ്പിച്ച് കൂട്ടുകാരെയെല്ലാം അമ്പരപ്പിച്ചതിന്റെ ആനന്ദവും ഉണ്ടായിരുന്നുവെങ്കിലും, ഇന്റർവെല്ലിന് ഓടിപ്പോയി എലിപ്പൂച്ചയെ കണ്ടിട്ടുവരാമെന്ന ആശയം കൂട്ടുകാർ പലരും അവതരിപ്പിച്ചുവെങ്കിലും എത്ര ഓടിയാലും ആ സമയംകൊണ്ട് പോയിവരാൻ അനുവദിക്കാത്തത്ര അകലെയായിപ്പോയി ഞങ്ങളുടെ വീട്.

സ്കൂൾ വിട്ടാൽ ആദ്യം പുറപ്പെടുന്ന കടത്തുവള്ളം തിക്കും തിരക്കും കാരണം ഞങ്ങൾ ഒഴിവാക്കാറായിരുന്നു പതിവ്. എന്നാൽ അന്നേദിവസം ആദ്യത്തെ വള്ളം അടുപ്പിച്ചയുടൻ ചാടിക്കയറിയത് ഞാനും ഏട്ടത്തിയുമായിരിക്കണം.

വലിയ ഉത്സാഹത്തോടെയും ഉത്കണ്ഠകളോടെയും ഓടിച്ചാടി വീട്ടിലെത്തിയ ഞങ്ങൾ എലിപ്പൂച്ച അതിന്റെ കൂട്ടിൽ ഏതാണ്ട് ഉപേക്ഷിക്കപ്പെട്ട നിലയിൽ ഇരിക്കുന്നതാണ് കണ്ടത്. അതിന്റെ മനസ്സ് അത്യ

ഗാഢമായ ഒരേകാന്തതയിൽ വീണുകിടക്കുകയാണെന്ന് ഒറ്റനോട്ടത്തിൽത്തന്നെ മനസ്സിലാവുമായിരുന്നു. പരിത്യജിച്ച ഭക്ഷണപദാർത്ഥങ്ങളുടെ പൊട്ടും പൊടിയും ചിതറിക്കിടന്നിടത്ത് ഉറുമ്പുകൾ പറ്റം പറ്റമായി അരിച്ചുനടന്നു.

അത്ര നേരം കാത്തിരുന്നിട്ടും മൃഗശാലക്കാരെയോ പത്രക്കാരെയോ കാണാത്തതിനാൽ ചാക്കോച്ചിയപ്പാപ്പൻ ഇട്ടിക്കോരസാറിനെ തിരക്കിപ്പോയിരിക്കയായിരുന്നു. കാലത്തുതന്നെ അക്കരപ്പാടത്തെ കൊയ്ത്തിന് ആളെയും കൂട്ടിപ്പോയ അപ്പൻ മടങ്ങിയെത്തിയിരുന്നുമില്ല. ഇന്റർവെൽ സമയത്ത് ഇട്ടിക്കോരസാറിന്റെ സ്കൂളിലെ കുട്ടികൾ സംഘങ്ങളായി വന്ന് ക്യൂ നിന്ന് എലിപ്പൂച്ചയെ കണ്ടിട്ടു പോയ ശേഷം കാഴ്ചക്കാരും ഏറെയൊന്നും വന്നില്ലെന്ന് അമ്മ പറഞ്ഞു. ഉച്ചതിരിഞ്ഞു്, അമ്മയോട് നാട്ടുവർത്തമാനം പറയാൻ വന്ന വരവിൽ അമ്മുവല്യമ്മ അതിനെ കുറെ നേരംകൂടി നോക്കിനിന്നിട്ടുപോയതുമാത്രം. പരീക്ഷിച്ചു നോക്കിയ ഒരാഹാരസാധനവും എലിപ്പൂച്ച തൊട്ടില്ലെന്നുതന്നെയല്ല ആഹാരം കഴിക്കുന്ന ജന്തുവാണോ അതെന്നുതന്നെ സംശയം

തോന്നും വിധമായിരുന്നു അതിന്റെ കിടപ്പ് എന്നും അമ്മ അറിയിച്ചു.

എലിപ്പൂച്ചയുടെ നിസ്സഹകരണപ്രസ്ഥാനം തകർക്കുവാനുള്ള വഴികളൊന്നും കാണാതെ ഞങ്ങൾ ചാക്കോച്ചിയപ്പാപ്പന്റെ വരവും കാത്തു്, അതിന്റെ കൂടിനരികിൽത്തന്നെ മൂകരായി ഇരുന്നു.

സന്ധ്യയോടെ ചാക്കോച്ചിയപ്പാപ്പൻ മടങ്ങിയെത്തി "ഒന്നും നടക്കുകേല പിള്ളേരെ." മുറ്റത്തേക്കു കയറി തോളിലെ തോർത്തെടുത്ത് ഒന്നു കുടഞ്ഞു് വിയർപ്പ് തുടയ്ക്കുന്നതിനിടയിൽത്തന്നെ ചാക്കോച്ചിയപ്പാപ്പൻ തന്റെ നിരാശ ഞങ്ങൾക്കും പങ്കിട്ടു. ഏറെ ശ്രമങ്ങൾക്കു ശേഷം മൃഗശാലക്കാരുമായി ഫോണിൽ സംസാരിച്ച ഇട്ടിക്കോരസാറിന്, എലിപ്പൂച്ച അപൂർവ്വജീവിതന്നെയാണെന്ന് ആധികാരികമായി അന്വേഷിച്ചറിഞ്ഞാൽ മാത്രമേ വരാൻ കഴിയൂ എന്ന മറുപടിയാണ് കിട്ടിയത്. പ്രാഥമികാന്വേഷണത്തിനായി സ്ഥലത്തെ മൃഗസംരക്ഷണ വകുപ്പിനെയാണ് നിയോഗിക്കുക എന്നറിഞ്ഞു് ഇട്ടിക്കോരസാർ പ്രസ്തുത വകുപ്പോഫീസ് തിരക്കിക്കണ്ടുപിടിച്ചു ചെന്ന് അന്വേഷിച്ചപ്പോഴാകട്ടെ മൃഗ

ശാലയിൽനിന്നുള്ള അറിയിപ്പ് വരട്ടെ, സ്ഥലത്തു വന്ന് അന്വേഷിച്ചു വേണ്ടതു ചെയ്യാം എന്ന മറുപടിയും കിട്ടി. പത്രക്കാരെ തെരഞ്ഞു പോയിട്ടാണെങ്കിലോ തെരഞ്ഞെടുപ്പുകാലമായതിനാൽ എലിയുടെയും പൂച്ചയുടെയുമൊക്കെ പുറകെ നടക്കാൻ ആർക്കും നേരമില്ലത്രെ! (നാട്ടിൻപുറത്തെ ഒരു പ്രൈമറി സ്കൂൾ അധ്യാപകന് തലസ്ഥാനത്തു നിന്ന് ഒരു കാര്യം എത്രയെളുപ്പത്തിൽ സാധിക്കാൻ കഴിയും എന്ന് പിൽക്കാലത്ത് മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ അന്നത്തെ ആ കാത്തിരിപ്പിന്റെ വങ്കത്തമോർത്ത് ഞങ്ങൾ ചിരിച്ചുപോയിട്ടുണ്ട്).

“ഈ കെടപ്പ് കെടന്നാൽ അത് ചത്തുപോകത്തേയുള്ളൂന്ന് തോന്നുന്നു. നിങ്ങള് വല്ലതും കൊടുത്ത് നോക്കിയോ?” ചാക്കോച്ചിയപ്പാപ്പൻ ചോദിച്ചു.

“നോക്കാവുന്നതെല്ലാം ഞങ്ങളും നോക്കി അപ്പാപ്പാ. ഒരു വിശേഷവുമില്ല”. ഏട്ടത്തി സങ്കടത്തോടെ പറഞ്ഞു.

ആ സംഭാഷണം കേട്ടുകൊണ്ട് കടന്നുവന്ന അമ്മ അതുവരെ ഉള്ളിലൊതുക്കിയ കലിയെല്ലാം പുറത്തെടുത്ത് ഒച്ചയുയർത്തി പറഞ്ഞു: “അതിനെക്കൊ

ണ്ടെ ആ പാടത്തെറമ്പത്തെങ്ങാനും കുഴിച്ചുമൂട്ട് ചാക്കോച്ചീ... ആ പിള്ളേരു് വന്നു കേറിയപ്പം മൊതലേ അതിന്റെ മുന്നീന്ന് മാറീട്ടില്ല." ചാക്കോച്ചിയപ്പാപ്പൻ പ്രതീക്ഷിച്ചിരുന്നതാണെന്ന് തോന്നുന്ന ആ പൊട്ടിത്തെറി. അമ്മ പറഞ്ഞുതീർക്കും മുൻപ് അപ്പാപ്പൻ പ്രതിവചിച്ചുകഴിഞ്ഞു: "ആട്ടെ ചേട്ടത്തി... വാ പിള്ളേരെ..."

എലിക്കൂടിന് നേരെ വേഗം നടന്നുചെന്ന് അപ്പാപ്പൻ അത് പൊടുന്നനേ പൊക്കിയെടുത്ത് മുറ്റം കടന്ന് കുത്തുകല്ലിറങ്ങി നടക്കാൻ തുടങ്ങി.

ഒപ്പം ഞങ്ങളും കൂടിയപ്പോൾ അതൊരു വിലാപയാത്രയായി. അതുവരെ അനക്കമറ്റ് കാണപ്പെട്ടിരുന്ന എലിപ്പൂച്ച കൂട്ടിൽ കിടന്ന് അക്ഷമയോടെ അപ്പുറമിപ്പുറം ഓടാൻ തുടങ്ങി. തുടരെത്തുടരെ ഞരക്കങ്ങളും കേട്ടു.



പാടത്തിറമ്പത്തെ വാഴത്തോപ്പിലെത്തിയപ്പോൾ ചാക്കോച്ചിയപ്പാപ്പൻ എലിക്കുട്ട് കണ്ണിനുനേരെ പി

ടിച്ച് എലിപ്പൂച്ചയെ അനുതാപത്തോടെ നോക്കി കുറച്ചു നേരം നിന്നു. എന്നിട്ട് തന്നോടുതന്നെ പറയുംപോലെ പറഞ്ഞു:

“പാവം... ഒറ്റത്തടി... തന്തേമില്ല... തള്ളേമില്ല... ഉറ്റോരുമില്ല... ഒടേരുമില്ല... കൊല്ലണോ പിള്ളാരെ?”

“വേണ്ടപ്പാപ്പാ...കൊല്ലണ്ടപ്പാപ്പ...”

ഒരേമയം ഒരേ സ്വരത്തിൽ ഞങ്ങൾ പറഞ്ഞു.

വാഴത്തോപ്പിന് കോണിൽനിന്ന് പാടത്തേക്കിറങ്ങുന്നിടത്തെ ചാഞ്ഞ തെങ്ങിൻചുവട്ടിൽ പെട്ടി താഴ്ത്തിവെച്ച് ചാക്കോച്ചിയപ്പാപ്പൻ പൊടുന്നനെ അതിന്റെ വാതിൽ തുറന്നു. പെട്ടെന്ന്, കണ്ണുകളിൽ ഒരു കറുത്ത കൊള്ളിയാൻ മിനിയതുപോലെ ഞങ്ങൾക്ക് തോന്നി—അത്ര വേഗമായിരുന്നു എലിപ്പൂച്ച പുറത്തേക്കെടുത്തുചാടി ഇരുൾ മൂടിക്കിടന്ന പുല്ലിൻകൂട്ടങ്ങൾക്കിടയിലൂടെ എങ്ങോട്ടോ ഓടിമറഞ്ഞത്.

ചില കഥാനന്തര ചിന്തകൾ

ഒന്ന്: അന്ന് ചാക്കോച്ചിയപ്പാപ്പൻ കൊല്ലാതെ വിട്ട എലിപ്പൂച്ചയല്ലേ പിന്നീട് ചരിത്രത്തിന് കുറകെ

ച്ചാടി ഇക്കണ്ട വിക്രിയകളൊക്കെ കാട്ടിക്കുട്ടിയത്? മഹാസംസ്കാരങ്ങളും മഹാസാമ്രാജ്യങ്ങളും തകർത്ത് എലിപ്പൂച്ച അവയെ സ്വന്തം രൂപത്തിലാക്കി. മുതലാളിത്തത്തിന്റെ പൂച്ചത്തലയും കമ്യൂണിസത്തിന്റെ എലിവാലുമായി ചരിത്രത്തിന്റെ എലിപ്പെട്ടിയിൽ പകച്ചിരിക്കുന്ന ആ രാഷ്ട്രങ്ങളെ നോക്കുക. അല്ലെങ്കിൽ, മതങ്ങളുടെ പൂച്ചത്തലയും മതേതരത്വത്തിന്റെ എലിവാലുമായി എലിപ്പെട്ടിയുടെ അറ്റംപറ്റിയിരിക്കുന്ന അയൽ രാജ്യത്തെ, ആയുധ ശക്തി സ്ഫുരിക്കുന്ന പൂച്ചക്കണ്ണുകളും നിരായുധീകരണത്തിന്റെ എലിവാലുമായി എലിപ്പെട്ടി കടിച്ചുമുറിച്ചു പുറത്തുചാടുവാൻ ശ്രമിക്കുന്ന സാമ്രാജ്യത്വ ശക്തിയെ.

ചുറ്റും കാണുന്ന മനുഷ്യ ജീവിതങ്ങളിലേക്ക് നോക്കിയാലോ? എത്രയോ ജീവിതങ്ങളുടെ മധ്യകാലത്ത് അവയ്ക്ക് വിലങ്ങംചാടി എലിപ്പൂച്ച അവയെ നാനാ വിധമാക്കി. ഏതിരുട്ടത്തും കണ്ണുകാണുന്ന പൂച്ചയുടെ ജാഗരൂകതയോടെ ഏതനക്കം കേട്ടാലും എടുത്തുചാടുകയും ഏതചേതന വസ്തുവിനെപ്പോലും തട്ടിത്തട്ടി തിരിച്ചി

ട്ടും മറിച്ചിട്ടും പരിശോധിക്കുകയും ചെയ്തിരുന്ന ഒരു തലമുറയല്ലേ എലിപ്പൂച്ചയുടെ അപഹാരത്തിനു ശേഷം ജീവിതത്തിന്റെ മറുപാതിയിലേക്കു കടന്നപ്പോൾ, ഏതനക്കം കേട്ടാലും ഓടിയൊളിക്കുകയും നിഗൂഢമാർഗ്ഗങ്ങൾ നിറഞ്ഞ മാളങ്ങളിൽ, പകൽവെട്ടത്തെ ഭയന്ന് ഒളിച്ചു പാർക്കുകയും പഴയ പുസ്തകങ്ങൾ കരണ്ടുതിന്ന് കാലം കഴിക്കുകയും ചെയ്യുന്ന എലിസദൃശരായി പരിണാമം പ്രാപിച്ചത്? അവരുടെ ജീവിതത്തിന്റെ ആകെത്തുകയെടുത്താൽ, അതിനുമില്ലേ ഒരെലിപ്പൂച്ചയോട്ട് രൂപസാദൃശ്യം?

എന്തിനേറെപ്പറയുന്നു?

നിങ്ങളറിഞ്ഞ കാലത്തെ ഒരെലിപ്പെട്ടിയുടെ വലിപ്പത്തിലേക്കു ചുരുക്കിയിട്ട് അതിനുള്ളിലേക്കു നോക്കുക.

ചരിത്രം ഒരു എലിപ്പൂച്ചയുടെ രൂപം പൂണ്ട് അതിൽ പതുങ്ങിക്കിടക്കുന്നതു കാണുന്നില്ലേ?

രണ്ട്: ഇന്ന് എവിടെയെങ്കിലും ഒരെലിപ്പെട്ടിയിൽ എലിപ്പൂച്ച വീണാൽ ഒരു കഥാകൃത്തിനും അതൊരു കഥയാക്കാൻ കഴിഞ്ഞെന്നു വരില്ല. ഭൂതലം

മുഴുവൻ പാഞ്ഞോടി നടക്കുന്ന പത്രപ്രവർത്തകരും ടെലിവിഷൻ വാർത്താ—ക്യാമറാസംഘങ്ങളും ഓടിയെത്തി ആ മഹാത്ഭുതത്തെ ഇഞ്ചിഞ്ചായി കടിച്ചുകീറിപങ്കിട്ടെടുക്കുമായിരുന്നു. പിറ്റേന്നത്തെ ദിനപത്രങ്ങളുടെ മുൻപേജിലെ മുഖ്യസ്ഥാനത്ത് അച്ചടിക്കപ്പെടുന്ന എലിപ്പൂച്ചയുടെ ചിത്രവും കഥയും നാടായ നാടെങ്ങും വീടായ വീടുകളിലുമെല്ലാം സ്വീകരണമുറികളിൽ വലിയ ചർച്ചാവിഷയമായേനെ. അതിന്റെ പളുങ്കുകണ്ണുകളിലെ പകച്ച നോട്ടങ്ങൾ കോടാനുകോടി ടെലിവിഷൻ സ്ക്രീനുകളിൽ വെട്ടിത്തിളങ്ങി മനുഷ്യരാശിയെ ഒന്നാകെ വിസ്മയംകൊള്ളിച്ചേനെ. ഇതിനൊക്കെയിടയിൽ സാക്ഷാൽ എലിപ്പൂച്ചയാകട്ടെ, അന്യഗ്രഹത്തിൽനിന്നെത്തിയ അതിഥിയെപ്പോലെ രാജ്യങ്ങൾതോറും സ്വീകരിച്ചാനയിക്കപ്പെട്ട്, ഒടുവിൽ മാലോകരെല്ലാം ചേർന്ന് അതിനെ ഒരു ക്ലോണിങ് വിദഗ്ധന്റെ കൈകളിലെത്തിക്കുകയും അനന്തരം എലിപ്പൂച്ചയുടെ വംശം ഭൂമിയാകെ പെരുകുകയും ചെയ്യുമായിരുന്നു.

അടിക്കുറിപ്പ്: നേരുള്ള വാർത്തകൾ നിരോധിക്ക

പ്പെട്ടിരുന്ന കാലത്തു് ഒരു ദിവസം നമ്മുടെ നാട്ടിലെ ഒരു വിശിഷ്ടപത്രത്തിന്റെ മുൻപേജിലെ മുഖ്യവാർത്തയായി വന്നതു് തലേന്നു് എവിടെയോ ഒരു നാട്ടിൻപുറത്തു് പിടിക്കപ്പെട്ട ഒരപൂർവ്വ ജീവിയുടെ ചിത്രവും കഥയുമായിരുന്നു എന്നോർക്കുന്നു. നേരുള്ള കഥകൾ വാർത്തകളായി വായിച്ചു വലിച്ചെറിയപ്പെടുകയും വർണ്ണചിത്രങ്ങളായി കണ്ടു് മറക്കപ്പെടുകയും അങ്ങനെ ചരിത്രംതന്നെ വലിയ ഒരു കഥയില്ലായ്മയായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ “എലിപ്പൂച്ച” പോലുള്ള കഥകളും പ്രത്യക്ഷപ്പെടുന്നു.

□

അയ്മനം ജോൺ



1953-ൽ അയ്മനത്ത് ജനനം. റിട്ട. കേന്ദ്ര ഗവ. ഉദ്യോഗസ്ഥൻ. ആയിരത്തിതൊള്ളായിരത്തി എഴുപത്തിരണ്ടിൽ മാതൃഭൂമി സാഹിത്യമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ ‘ക്രിസ്മസ് മരത്തിന്റെ വേര്’ എന്ന കഥയിലൂടെ വായനക്കാർക്കിടയിൽ ശ്രദ്ധേയനായ അയ്മനം ജോൺ വളരെക്കുറച്ച് കഥകളേയെഴുതിയിട്ടുള്ളു. ഇപ്പോൾ കേരള സാഹിത്യ അക്കാദമിയുടെ ജനറൽ കൗൺസിൽ അംഗം.

പ്രധാനകൃതികൾ

ക്രിസ്മസ് മരത്തിന്റെ വേര്, എന്നിട്ടുമുണ്ട് താമരപ്പൊയ്കകൾ, ചരിത്രം വായിക്കുന്ന ഒരാൾ, ഒന്നാം പാഠം ബഹിരാകാശം.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രീകരണം: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBRARY
empowering the author …

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20

കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
    1. ഡിജിറ്റൽ പ്രസാധനനയം
    2. സായാഹ്നയെക്കുറിച്ചു അറിയുക
    3. Who’s who
    4. സായാഹ്ന ഫോൺ പിഡിഎഫുകൾ

5. സായാഹ്ന ഗ്രന്ഥശേഖരം
6. സായാഹ്ന വിക്കി

- ○ പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014